**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4585** **29-10-2021 - ൽ മറുപടിയ്ക്ക്**

**വയനാട് ജില്ലയിലെ വന്യമൃഗ പ്രതിരോധ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഒ . ആർ. കേളു | | **Shri. A. K. Saseendran**<br>**(വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | വന്യമൃഗ പ്രതിരോധത്തിനായി വയനാട് ജില്ലക്ക് കിഫ്ബിയിൽ നിന്നും അനുവദിച്ച തുക എത്രയാണെന്ന് അറിയിക്കുമോ; | (എ) | മനുഷ്യ-വന്യജീവി സംഘർഷം ഒഴിവാക്കുന്നതിനുവേണ്ടി വയനാട് ജില്ലയുടെ വിവിധ വനം ഡിവിഷനുകളിൽ കിഫ്ബി ധനസഹായത്തോടെ രണ്ട് ഘട്ടങ്ങളിലായി വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. വയനാട് വൈൽഡ് ലൈഫിനു കീഴിൽ 0.41 കി.മീറ്റർ ദൂരത്തിൽ ആന പ്രതിരോധ മതിൽ നിർമ്മാണത്തിനായി 0.57 കോടി രൂപയും 10 കി.മീറ്റർ ദൂരത്തിൽ റെയിൽ ഫെൻസിങ് പ്രവർത്തികൾ നടത്തുന്നതിനായി 15.00 കോടി രൂപയും വകയിരുത്തിയിട്ടുള്ളതും, ആയതിന് ഭരണാനുമതി നൽകിയിട്ടുള്ളതുമാണ്. രണ്ടാം ഘട്ട പദ്ധതിയിലുൾപ്പെടുത്തി വയനാട് സൗത്ത് വയനാട് നോർത്ത്, വയനാട് വൈൽഡ് ലൈഫ് എന്നീ വനം ഡിവിഷനുകളിലായി 43.5 കി.മീറ്റർ ദൂരത്തിൽ ക്രാഷ് ഗാർഡ് സ്റ്റീൽ റോപ് ഫെൻസിംഗ് നിർമ്മാണത്തിനായി 21.75 കോടി രൂപയും കൂടാതെ വയനാട് സൗത്ത് ഡിവിഷനു കീഴിൽ വനത്തിനുള്ളിൽ താമസിക്കുന്ന ആദിവാസി ഇതര കുടുംബങ്ങളെ അവരുടെ സമ്മതത്തോടുകൂടി മാറ്റി പാർപ്പിക്കൽ പദ്ധതിയ്ക്കായി 13.95 കോടി രൂപ വകയിരുത്തുകയും ആയതിന് ഭരണാനുമതി നൽകിയിട്ടുമുണ്ട്. |
| (ബി) | ഇതിൽ എത്ര രൂപയുടെ പദ്ധതികൾ വനം വകുപ്പ് നടപ്പാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) | ഒന്നാം ഘട്ട പദ്ധതിയിൽ ഉൾപ്പെടുത്തി വയനാട് വൈൽഡ് ലൈഫ് ഡിവിഷനു കീഴിൽ 0.19 കി.മീറ്റർ ദൂരത്തിൽ ആന പ്രതിരോധ മതിൽ നിർമ്മാണ പ്രവർത്തികൾ പൂർത്തീകരിച്ച് ടി പ്രവർത്തിയ്ക്ക് 30.20 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. വയനാട് വന്യജീവി സങ്കേതത്തിൽ ഒന്നാം ഘട്ട പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ റെയിൽ ഫെൻസിംഗ് 10 കി.മീറ്റർ ദൂരത്തിൽ പൂർത്തീകരിച്ചിട്ടുണ്ട്. ആയതിന് 12.97 കോടി രൂപയും ചെലവഴിച്ചിട്ടുണ്ട്. രണ്ടാം ഘട്ട പദ്ധതിയിൽ ഉൾപ്പെടുത്തി വയനാട് |

| | | | |
|---|---|---|---|
| | | | സൗത്ത്, നോർത്ത് ഡിവിഷനുകളിലായി ഭരണാനുമതി നൽകിയിട്ടുള്ള ക്രാഷ് ഗാർഡ് സ്റ്റീൽ റോപ് ഫെൻസിങ് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. വയനാട് വൈൽഡ് ലൈഫ് ഡിവിഷനിൽ അനുമതി നൽകിയിട്ടുള്ള ക്രാഷ് ഗാർഡ് സ്റ്റീൽ റോപ് ഫെൻസിംഗ് പ്രവർത്തികളുടെ ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ വയനാട് സൗത്ത് ഡിവിഷനുകീഴിൽ വനത്തിനുള്ളിൽ താമസിക്കുന്ന ആദിവാസി ഇതര കുടുംബങ്ങളെ അവരുടെ സമ്മതത്തോടുകൂടി മാറ്റി പാർപ്പിക്കൽ പദ്ധതിയുമായി ബന്ധപ്പെട്ട് അർഹരായ കുടുംബങ്ങളെ മാറ്റി പാർപ്പിക്കുന്നതിനുള്ള നടപടികളും നടന്നു വരുന്നു. |
| (സി) | കിഫ്ബി ധനസഹായത്താൽ വയനാട് ജില്ലയിൽ നടപ്പാക്കി വരുന്ന വന്യമൃഗ പ്രതിരോധ പ്രവർത്തനങ്ങൾ വ്യക്തമാക്കാമോ? | (സി) | മനുഷ്യ-വന്യജീവി സംഘർഷം ഒഴിവാക്കുന്നതിനുവേണ്ടി വയനാട് ജില്ലയുടെ വിവിധ വനം ഡിവിഷനുകളിൽ കിഫ്ബി ധനസഹായത്തോടെ രണ്ട് ഘട്ടങ്ങളിലായി താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു. ഒന്നാം ഘട്ട പദ്ധതിയിൽ വയനാട് വൈൽഡ് ലൈഫിനു കീഴിൽ 0.41 കി.മീറ്റർ ദൂരത്തിൽ ആന പ്രതിരോധ മതിൽ നിർമ്മാണവും, 10 കി.മീറ്റർ ദൂരത്തിൽ റെയിൽ ഫെൻസിംഗ് നിർമ്മാണവും, രണ്ടാം ഘട്ട പദ്ധതിയിലുൾപ്പെടുത്തി വയനാട് സൗത്ത്, വയനാട് നോർത്ത് വയനാട് വൈൽഡ് ലൈഫ് എന്നീ വനം ഡിവിഷനുകളിലായി 43.5 കി. മീറ്റർ ദൂരത്തിൽ ക്രാഷ് ഗാർഡ് സ്റ്റീൽ റോപ് ഫെൻസിംഗ് നിർമ്മാണവും, കൂടാതെ വയനാട് സൗത്ത് ഡിവിഷന് കീഴിൽ വനത്തിനുള്ളിൽ താമസിക്കുന്ന ആദിവാസി ഇതര കുടുംബങ്ങളെ അവരുടെ സമ്മതത്തോടുകൂടി മാറ്റി പാർപ്പിക്കൽ പദ്ധതിയും നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ